**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1889** **15-03-2022 - ൽ മറുപടിയ്ക്ക്**

**ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | null<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ഒരു പഞ്ചായത്തിൽ ഒരു കളിസ്ഥലം എന്ന പദ്ധതി പ്രകാരം വാമനപുരം നിയോജകമണ്ഡലത്തിലെ ഏതെല്ലാം പഞ്ചായത്തുകളിൽ എവിടെയൊക്കെയാണ് സ്ഥലങ്ങൾ തെരഞ്ഞെടുത്തിട്ടുള്ളതെന്ന് അറിയിക്കാമോ; | (എ) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതി പ്രാരംഭ ഘട്ടത്തിലാണ്. ആദ്യ ഘട്ടം ഓരോ നിയോജക മണ്ഡലത്തിലും ഒരു പദ്ധതി എന്ന കണക്കിൽ നടപ്പാക്കുന്നതിനായി എം.എൽ.എ മാർ നൽകിയ മുൻഗണനാ ലിസ്റ്റ് അനുസരിച്ചുള്ള പദ്ധതികളുടെ സ്ഥല പരിശോധന കായിക വകുപ്പിന് കീഴിലുള്ള സ്പോർട്സ് കേരള ഫൗണ്ടേഷൻ പൂർത്തിയാക്കിയിട്ടുണ്ട്. പദ്ധതിയ്ക്ക് ഭരണാനുമതി നൽകുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. ആദ്യഘട്ടത്തിലുള്ള കളിസ്ഥലങ്ങൾ അന്തിമമായി തീരുമാനിച്ചിട്ടില്ല. |
| (ബി) | പ്രസ്തുത പദ്ധതിയുടെ പുരോഗതി റിപ്പോർട്ട് നൽകാമോ? | (ബി) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതി പ്രാരംഭ ഘട്ടത്തിലാണ്. ആദ്യ ഘട്ടം ഓരോ നിയോജക മണ്ഡലത്തിലും ഒരു പദ്ധതി എന്ന കണക്കിൽ നടപ്പാക്കുന്നതിനായി എം.എൽ.എ മാർ നൽകിയ മുൻഗണനാ ലിസ്റ്റ് അനുസരിച്ചുള്ള പദ്ധതികളുടെ സ്ഥല പരിശോധന കായിക വകുപ്പിന് കീഴിലുള്ള സ്പോർട്സ് കേരള ഫൗണ്ടേഷൻ പൂർത്തിയാക്കിയിട്ടുണ്ട്. പദ്ധതിയ്ക്ക് ഭരണാനുമതി നൽകുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്. ആദ്യഘട്ടത്തിലുള്ള കളിസ്ഥലങ്ങൾ അന്തിമമായി തീരുമാനിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ